# ക്നാനായ റാലി വിജയിപ്പിക്കുക

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ ക്നാനായ ജനതയുടെ ആവശ്യങ്ങൾക്കുനേരെ ഉത്തരവാദിത്വപ്പെട്ടവർ അനുകൂല നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിക്കുവാനും, കഴിഞ്ഞ 26 വർഷമായി നീതി നിഷേധിക്കപ്പെട്ട് അടിച്ചമർത്തപ്പെട്ട ഒരു ജനത തങ്ങളുടെ ജന്മാവകാശങ്ങൾ സഭാതലത്തിൽ സംരക്ഷിച്ചുകിട്ടുവാൻ വേണ്ടിയും മാർച്ച് 3-ാം തീയതി ഞായറാഴ്ച ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ ആസ്ഥാനത്തേക്ക് സമാധാന റാലി നടത്തുന്നു. ചിക്കാഗോ കെ.സി.എസിലെ എല്ലാ അംഗങ്ങളും ഈ സമാധാന റാലിയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.സി.സി.എൻ.എ.യുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളിൽനിന്നും ധാരാളംപേർ റാലിയിൽ പങ്കെടുക്കാൻ ചിക്കാഗോയിൽ എത്തുന്നതാണ്. കെ.സി.സി.എൻ.എ. നേതൃത്വം കൊടുക്കുന്ന റാലി ഒരു ചരിത്രസംഭവമാക്കി മാറ്റേണ്ടത് നമ്മുടെ കടമയും കർത്തവ്യവുമാണ്. കെ.സി.എസ്. ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ അമ്പതോളം വോളന്റിയേഴ്സ് റാലിക്ക് ആവശ്യമായ ഒരുക്കങ്ങൾ നടത്തിവരുന്നു. റാലിക്ക് ആവശ്യമായ അനുവാദം എൽമസ്റ്റ് പോലീസ് അധികൃതരുടെ ഭാഗത്തുനിന്ന് ലഭിച്ചുകഴിഞ്ഞു. റാലി സമാധാനപരമായിട്ടാണ് നമ്മൾ നടത്തേണ്ടത്. സൈഡ് വാക്കിൽക്കൂടി മാത്രമേ നമുക്ക് നടക്കാൻ അവകാശമുള്ളൂ. നിയമപാലകരുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിക്കാനിടയായാൽ അവരെ നിമയത്തിന്റെ വഴിയിലൂടെ നിയമപാലകര് നേരിടുന്നതായിരിക്കും.

കഴിഞ്ഞ 26 വർഷക്കാലം ക്നാനായ ജനതയോടു പ്രതിഷേധിക്കാനുള്ള അവകാശം സഭാപരമായി തെറ്റാണ് എന്നുപറഞ്ഞ് നമ്മേ മാറ്റിനിർത്തിയവർ  ഈ റാലിയിൽനിന്നും മാറിനിൽക്കണമെന്ന് വീണ്ടും ഉപദേശിച്ചേക്കാം. എന്നിരുന്നാലും നമ്മുടെ ജന്മാവകാശമായ ക്നാനായത്വം സ്ഥാപിച്ചെടുക്കാനുള്ള നമ്മുടെ യാത്രയിൽ നിങ്ങളും ഒപ്പം ഉണ്ടാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഒരു കൈയിൽ മെഴുകുതിരിയും മറുകൈയിൽ കൊന്തയുമായി നമുക്കൊരുമിച്ച് നമ്മുടെ അവകാശങ്ങൾക്കായി ഒന്നിച്ച് അണിചേരാം സോദരരേ.

നിങ്ങൾ ഓരോരുത്തരേയും മാർച്ച് 3 ലെ റാലിയിലേക്ക് ഹാർദ്ദവമായി ക്ഷണിച്ചുകൊള്ളുന്നു.

എന്ന്

**ജോർജ് തോട്ടപ്പുറം**
കെ.സി.എസ്. പ്രസിഡന്റ്